


# G H S S P A R A V U R

**THEKKUMBHAGOM P O, PARAVUR,KOLLAM**

**41088klm@gmail.com**

# ഇന്ത്യൻ ഭരണഘടന

## ആമുഖം

നമ്മൾ ,ഇന്ത്യയിലെ ജനങ്ങൾ ,ഇന്ത്യയെ ഒരു
പരമാധികാര ,സ്ഥിതിസമത്വ ,മതനിരപേക്ഷ ,ജനാധിപത്യ
റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ
എല്ലാ പൗരന്മാർക്കും സാമൂഹികവും, സാമ്പത്തികവും ,
രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം ,വിശ്വാസം ,
ഭക്തി,ആരാധന,എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം ,
സ്ഥാനമാനങ്ങൾ ,അവസരങ്ങൾ ,എന്നിവയിലുള്ള സമത്വം
എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും
രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന
സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം
ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച് ,1949
നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം ,ഈ
ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും
നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.





പ്രിയപ്പെട്ട കുട്ടികളേ ,
ലിറ്റിൽ കൈറ്റ്സ് ലെ കുട്ടികൾ
`പറവകൾ 'എന്ന പേരിൽ
ഒരു മാഗസിൻ
തയ്യാറുക്കുന്നു എന്നറിഞ്ഞതിൽ
വളരെസന്തോഷമുണ്ട് .
ആർജ്ജിച്ചെടുത്ത ശേഷികൾ
പ്രയോഗവത്കരിക്കാനുള്ള
ഒരവസരമാണിത് എന്ന കാര്യം
ഓർമയിലുണ്ടാകുമല്ലോ,` പറവകൾ'ക്കു
എല്ലാ ആശംസകളും നേരുന്നു .

വസന്തകുമാരി എ
(ഹെഡ് മിസ്ട്രസ് ,ജി എച്ച് എസ് എസ് പരവൂർ )



പ്രിയപ്പെട്ട കുട്ടികളേ ,
ലിറ്റിൽ കൈറ്റ്സ് ലെ കൊച്ചു
കൂട്ടുകാരുടെ ഈ പരിശ്രമത്തെ
അഭിനന്ദിക്കുന്നു ,നിങ്ങളുടെ എല്ലാ
പ്രവർത്തനങ്ങളും
അഭിമാനകരമായി
ഉയരട്ടെ എന്ന് ആശംസിക്കുന്നു .

ഷീബ എസ്
(എസ് ഐ റ്റി സി ,ജി എച്ച് എസ് എസ് പരവൂർ )

പ്രിയപ്പെട്ട കുട്ടികളേ ,
ലിറ്റിൽ കൈറ്റ്സ് ലെ
പ്രിയപ്പെട്ട കൊച്ചു
കൂട്ടുകാരുടെ
മാഗസിന് എല്ലാ
ആശംസകളും
നേരുന്നു .വാനിൽ ഇത്
ഉയർന്നു പറക്കട്ടെ .......



സുഗതകുമാരി ജി
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് , ജി എച്ച് എസ് എസ് പരവൂർ



പ്രിയപ്പെട്ട കുട്ടികളേ ,
ലിറ്റിൽ കൈറ്റ്സ് ലെ
പ്രിയപ്പെട്ട ,
കൊച്ചു കൂട്ടുകാരുടെ
മാഗസിന് പൂർണമായ
പിന്തുണയും,ആശംസകളും
നേരുന്നു .

അരുൺ എ
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ , ജി എച്ച് എസ് എസ് പരവൂർ

# കടൽ തീരങ്ങൾ

കടൽ പോലെ ഒഴുകുന്ന ജീവിതങ്ങൾ
കടൽ പോലെ ഒഴുകുന്ന ജീവിതദുഃഖങ്ങൾ
തിരമാല പോലെ ചാടിയുലയുന്ന നിരാശകൾ
ജീവിതത്തെ സാക്ഷിയാക്കി വീശുന്ന കടൽക്കാറ്റും

എന്തിനീ നിരാശതാത്മികമായ ജീവിതം
നീയെനിക്കെന്തിനു തന്നു
ശൂന്യമായ ഈ നിരാശയാകുന്ന വേദി
നീ എനിക്കെന്തിന് തന്നു സഖീ

ശൂന്യമായി വീശുന്ന കടൽക്കാറ്റുപോലെ
ആടിയുലയുന്ന മരചില്ലപോലെ
പാറിപ്പറക്കുന്ന പൊടിപടലങ്ങൾ പോലെ
എങ്ങോട്ടോ പറക്കുകയാണു എൻ ജീവിതം

ഈ കൊടും ദുഖങ്ങളിൽ നിന്നും
ഞാൻ പോകുകയാണു തിരമാല -
തൻ ഓളങ്ങൾ ഉൾവലിയുംപോലെ
അകത്തേക്ക് ഉൾവലിയുകയാണ് എൻജീവിതവും
വിരസമീ ലോകം പോകുന്നു
ഞാൻ സഖീ ..പോകുന്നു
നന്ദി നന്ദിയേറെയുണ്ട്



# ആരു നീ ?


നീയെനിക്കൊരു കവിതയായിരുന്നു
നോവിന്റെ അറിയാക്കയങ്ങളിൽ
ആണ്ടുപോകുന്ന നിന്റെ
അർത്ഥങ്ങളെ
അലങ്കാര ശാസ്ത്രം കൊണ്ടു്
തിരയുകയായിരുന്നു..ഞാൻ
വെറുതെ ..
ജീവിതം ഇങ്ങനെയാവാം ...
വസന്തത്തിനു പിന്നിൽ
വഷ്ളചി വിതറും കാലം
ഈ വസന്തത്തിൻ സുഗന്ധത്തിനായ്
എന്തിനാ വൃഥാ മോഹം?
ഇതളുകളൊന്നായി
കൊഴിഞ്ഞുപോകിലും
വരും വസന്തർത്തുവിൽ പൂത്തിടാം
ഒരു കൊച്ചു മോഹം !
നിന്നെ ഞാൻ ഓർക്കുന്നു.....
എന്നിൽ കവിതയായി നിറഞ്ഞ
നിന്നെ
ഇരുളിൽ തിരയുന്നു ...
വെറുതെ ......
നിന്റെ മിഴികളിലെ നീലവിഷാദം,
കുസൃതി മാഞ്ഞ മിഴികളിലെ ദൈന്യം ,
തപിക്കുന്നഹൃത്തിൻ നോവും ,
ഞാനറിയുന്നു ....
പൊള്ളുന്ന സൂര്യനെ മാറിലേൽക്കുന്ന
കടലായി ഞാൻ മാറിയെങ്കിൽ ......
എന്റെ മനസ്സിൻ വേനലിൽ ..
പെരുമാരിയായി അണയില്ല നീ ....
വരണ്ടുപോയ നാവിൽ
തീർത്ഥമാകില്ല നീ ...
ഇതൾ വിരിയാത്ത മോഹങ്ങളിൽ
സുഗന്ധമാകില്ല നീ ..
എങ്കിലും.....
പൊരുളറിയാത്തൊരു സത്യമാണു നീ..
എന്നാത്മാവിൻ നോവാണു നീ ...
എങ്കിലും ..
എനിക്കാരു നീ .......



രാജലക്ഷ്മി മോഹൻ
എച്ച് എസ് എ മലയാളം

# ചുട്ടെരിക്കുന്ന സ്നേഹസാമ്രാജ്യം

എന്താണ് സ്നേഹം? പണം കൊടുത്താൽ വാങ്ങാൻ പറ്റുന്നതല്ല സ്നേഹംഒരാൾക്ക് സ്വയമേ തോന്നി ഉള്ളിന്റെ ഉള്ളിൽ നിന്നും വരുന്ന കാവ്യശക്തിയെയാണുസ്നേഹംഎന്നതുകൊണ്ടുഅർത്ഥമാക്കുന്നത്.പണ്ടത്തെകാലംഎങ്ങനെയുള്ളതായിരുന്നു അവിടെത്തെസ്നേഹംഎങ്ങനെയുള്ളതായിരുന്നുനന്മയുടെസൗഹൃദത്തിന്റെ പ്രതീകമായിരുന്നു പണ്ടത്തെ കാലം, വളരെയധികവും,കൂട്ടായ്മകളുംനിറഞ്ഞുള്ളതായിരുന്നസ്നേഹമായിരുന്നു.ആ സ്നേഹമായിരുന്നുഅവരുടെമുന്നോട്ടുള്ളജീവിതത്തെനയിച്ചിരുന്നത്,ദൈത്തിൽവിശ്വസിക്കുന്നതുപോലെഅവർസ്നേഹത്തിലുംഉറച്ചുവിശ്വസിച്ചിരുന്നു. എന്നാൽ ഇന്നോ?ജീവിതത്തിന്റെ വരുംവരായ്കകൾ എന്തെന്നു മനസ്സിലാക്കാതെ സുഖത്തിന്റെയും സുഖഭോഗത്തിന്റെയുംകൂടെസഞ്ചരിക്കുന്നവരാണുഇന്നത്തെസമൂഹം.സ്നേഹം സ്നേഹം എന്തെന്ന് അവർക്കറിയില്ല ,പെട്ടെന്നസ്തമിക്കുന്നു അവരുടെ സ്നേഹം,ആ സ്ഥിരതയില്ലായ്മയാണു എല്ലാത്തിനും കാരണം.ഈ അവസ്ഥ മറികടക്കാൻ എനിക്കു എന്തൊക്കെ ചെയ്യാൻ കഴിയും?താഴ്ന്നവനെന്നോ ഉയർന്നവനെന്നോ വ്യത്യാസമില്ലാതെ സ്നേഹിക്കാം,ഒത്തൊരുമിച്ചുകഴിയാം,മറ്റുള്ളവരുടെകഴിവിനെഅംഗീകരിക്കാം ,മനസ്സിലെഇരുട്ടുകളെല്ലാംമായ്ച്ചുകളഞ്ഞു ഒരുമിച്ചു കഴിയാം,പരസ്പരം അറിയാം നമ്മുക്ക് പരസ്പരം സ്നേഹിക്കാം....



രാത്രിയുടെ നീണ്ട
നിശബ്ദതയിൽആ ഇടുങ്ങിയ
തെരുവിലൂടെതോളിൽ ഭാണ്ഡ
വുമായി സാറാ എന്ന
പതിമൂന്നുവയസ്സുകാരി മെല്ലെ
നടക്കുന്ന ഇന്നലെറിക്ഷ
തട്ടിവീണത്തിന്റെകാലുവേദന
ഇതുവരെഅവളെ ഉപേക്ഷി
ച്ചില്ല.തെരുവിലൂടെ അവൾ
വേച്ചുവേച്ചു നടന്നു. എല്ലാവരും
ഉറക്കമായി എന്ന് ആ
തെരുവ്ഉറക്കെവിളിച്ചുപറയു
ന്നുണ്ടായിരുന്നു.എന്നും തനി
ച്ചായിരുന്നസാറയ്ക്കു ഈ
നിശബ്ദത ഒരു ഭയമായിരു
ന്നില്ല.സാറയെയും അമ്മ
യെയുംഇരുട്ടിൽതള്ളി അച്ഛൻ
എങ്ങോട്ടോപോയിരുന്നു.ആറു
വയസുള്ളപ്പോൾ 'അമ്മ മരിച്ച
സാറപിന്നീട്തനിച്ചതായിരു
ന്നു,ഭിക്ഷയെടുത്തുംഹോട്ടലുകള
ില്‍ പാത്രം കഴുകിയും അവൾ
എന്നതിനുള്ളവകകണ്ടെത്തി
യിരുന്നു.

രാത്രി നന്നേ വൈകി
,ഇനി എവിടെയെങ്കിലും വിശ്ര
മിക്കാം എന്ന് കരുതി അവൾ
ഒരു ഇടുങ്ങിയ കടതിണ്ണയിൽ
ഇരുന്നു ,വേദനയുള്ള കാൽ
അല്പം നീട്ടി വെച്ചു. ഒരു
തേങ്ങലോടെ തടവി .തന്റെ
ഭാണ്ഡം തലയ്ക്കുവെച്ചാണ്
അവൾ എന്നും ഉറങ്ങുന്നത്
,എന്നും രാവിലെ അവൾ
കിടന്ന കടയുടെ ഉടമയുടെ
ബഹളം കേട്ടാണ് അവൾ
ഉണരുന്നത് .അതുകൊണ്ടാ
ണു ഇന്നവൾ മറ്റൊരു
കടയുടെ മുന്നിൽ കിടന്നുറ
ങ്ങാൻ തീരുമാനിച്ചത് .ഇതെ
ന്നുംപതിവായതുകണ്ടു അവ
ൾക്കുഭയം തോന്നിയിര ന്നില്ല
.എന്നാല് ഇത് പരിചയമി
ല്ലാത്തസ്ഥലമാണ്എപ്പോഴാ
ണെന്നറിയില്ല ആ നീണ്ട
രാത്രി സാറയെ ഉറക്കി
,എന്നും അവൾ സ്വപ്നത്തിൽ
കാണുന്ന രാജകുമാരിയെ
ഇന്നവൾ കണ്ടില്ല .അവളെ
ആരോ വന്നു തൊടുന്നതു
പോലെ തോന്നിയപ്പോൾ
അവൾ പെട്ടെന്നുണർന്നു
പക്ഷെ അവൾ ചിറ്റിലൊന്നും
കണ്ടില്ല

പിന്നീടവൾക്കു ഉറക്കം
വന്നില്ല ,അവൾ കണ്ണടച്ച്
കിടന്നു ,ആരോ അവളെ
താങ്ങിയെടുത്തു വായപൊത്തി
കാറിലേക്കിട്ടു.അവൾ കാറി
നുള്ളിൽ ബഹളം കൂട്ടി
,അവളറിയാതെ കരിലൊരു
വെളിച്ചം ,ആ വെളിച്ചത്തിൽ
കാറിനുള്ളിലെ ഒരു മുഖം
അവൾ തിരിച്ചറിഞ്ഞു ,എന്നും
അവൾക്കു റൊട്ടികൊടുക്കാറു
ണ്ടായിരുന്ന വക്കീൽ അങ്കിൾ
അവളെ ആരോ നീണ്ട
തുവാല മണപ്പിച്ചു ബോധം
കെടുത്തി. കണ്ണുതുറന്നുനോക്കി
യപ്പോൾ അവൾ ഒരുമുറിയി
ലായിരുന്നു അവൾക്കു കണ്ണു
തുറക്കാൻ പോലും കഴിയു
ന്നില്ല,തൊട്ടടുത്ത് ഒരുപാടു
പേർ കൂടിയിരുന്നു മദ്യപിക്കു
ന്നുണ്ട് ,ആ കൂട്ടത്തിൽ
വക്കീൽ അങ്കിളും ഉണ്ടായി
രുന്നു അവൾ ഒച്ച വെച്ചു
,കൂട്ടത്തിലൊരുവൻ പറഞ്ഞു
`എടീ നിന്നു രക്ഷിക്കാൻ
ഒരാളും വരില്ല നമുക്കി
വിടെയങ്ങു നിൽക്കാം
അവിടെ കൂട്ടച്ചിരി മുഴങ്ങി ,
കൂട്ടത്തിലൊരാൾ
എഴുന്നേറ്റുവന്നുഅവളെതല
ോടി ക്കൊണ്ടു അടുത്തിരുന്നു
എന്നിട്ടു അവിടെ ഉണ്ടായി
രുന്ന എല്ലാരേയും പരിചയ
പ്പെടുത്തി ,ഇത് ഇവിടത്തെ
പോലീസ്സ്റ്റേഷൻ സബ്ഇ
ൻസ്പെക്ടർ,തുടർന്ന് കേൾ
ക്കാനുള്ള മനോധൈര്യം അവ
ൾക്കുണ്ടായിരുന്നില്ല കാരണം
ഇപ്പോൾ എല്ലാ കൊടും
ക്രൂരതയ്ക്കും മുന്നിൽ ഉയർന്ന
ഉദ്യോഗസ്ഥരാണ്,വക്കീൽ
അങ്കിൾ പറഞ്ഞു `ഞങ്ങളുടെ
ആവശ്യം കഴിഞ്ഞു നിനക്ക്
പോകാം,അവർ അവളെ
ബോധം കെടുത്തി,പിന്നീടവൻ
ഉണർന്നില്ല, അഗാധമായ
ഇരുളിലേക്ക് സാറ പോയി....
ഇരുളിന്റെ മറവിൽ നടക്കുന്ന
ക്രൂരതകൾ നമ്മുടെ പിഴവ്
കൊണ്ടല്ല ,കൂട്ടുനിൽക്കാൻ
ഒരുപാടുപേരുണ്ട് എന്ന
വിശ്വാസത്തിലാണ്,നമുക്ക്
പ്രതിരോധിക്കാം..
ഇനിയൊരു സാറ ഉണ്ടാകാ
തിരിക്കട്ടെ...അങ്കിളും





# മാസചൊല്ലുകൾ

ചിങ്ങത്തിൽ മഴ ചിന്നിച്ചിന്നി
തുലാപ്പത്തിൽ പൂപ്പത്തു
തുലാപ്പത്തു കഴിഞ്ഞാൽ പിലാപ്പൊത്തിലും
കിടക്കാം
മകരത്തിൽ മരംകോച്ചും
മകരത്തിൽ  മഴ പെയ്താൽ  മലയാളം മുടിയും
കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും പൊന്ന്
മീനത്തിൽ  നട്ടാൽ മീൻ കണ്ണോളം
ഇടവപ്പാതി കഴിഞ്ഞാൽ ഇടവഴിയിലും  വെള്ളം
മിഥുനം തീർന്നാൽ വിഷമം തീർന്നു
കർക്കടകം കഴിഞ്ഞാൽ ദുർഘടം തീർന്നു

## പൂമ്പാറ്റ

കുസൃതിക്കുട്ടി പൂമ്പാറ്റേ
പൂവിലിത്തിരി മധുരമുണ്ടേ
പൂന്തേനുണ്ണാൻ വരുന്നോ നീ
പൂക്കൾ തേടി നടക്കുന്നു
എന്റെ മനസ്സിലെ പൂമ്പാറ്റേ
എത്രഭംഗിയാ നിന്നെ കാണാൻ
എന്റെ സ്വന്തം പൂമ്പാറ്റേ
എന്റെ സ്വന്ത പൂമ്പാറ്റേ

## തത്ത

തത്തപ്പെണ്ണേ ശിങ്കാരീ
ഈണത്തിലൊന്നു ചൊല്ലാമോ
ഈണത്തിലൊന്നു ചൊല്ലിയാൽ
എന്തെല്ലാം തരുമെനിക്ക്
മാമ്പഴക്കാ ഒരു കൈ തരാം
തത്തപ്പെണ്ണേ ശിങ്കാരീ
ഈണത്തിലൊന്നു ചൊല്ലാമോ

## പട്ടിക്കുട്ടീ

പട്ടിക്കുട്ടീ ബൗ ...ബൗ
ഓടിച്ചാടി വരുന്നില്ലേ
പാൽകുടിച്ചു തീർത്തോടാ
എല്ലുകടിക്കാൻ വരുന്നോടാ
ഞാനുറങ്ങും നേരത്തു
നീ കാവലായ് നിൽക്കുലേ
ഞാൻ ചാടും നേരത്തു
എന്റെ കൂടെ ചാടൂലെ


ഗവ: എച്ച്.എസ്.എസ്
ലിറ്റിൽ കൈറ്റ്സ്
ഐ.ടി ക്ലബ്
LK/2018/41088
ഏകദിന ക്യാമ്പ്




ലിറ്റിൽ കൈറ്റ്സ്
ഐ.ടി ക്ലബ്
ഏകദിന ക്യാമ്പ്







# പരവൂർ നഗരസഭ

## ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂൾ

തെക്കുംഭാഗം പി ഒ ,പരവൂർ ,കൊല്ലം

